# സാന്ത്വനം ആഹ്ലാദമാക്കി കുട്ടികൾ



ലോക ഡച്ച്നി അവയർനസ് ദിനാചരണത്തിൽ നിന്ന്

**കോയമ്പത്തൂർ ▸** പതിനെട്ടോളം കുട്ടികൾ തലപ്പാവും വേഷ്ടിയുമണിഞ്ഞ് ഇരുന്നു. മഹാകവി ഭാരതിയാരുടെ സ്വതസിദ്ധമായ വേഷത്തിൽ മഹാകവിയുടെ കവിതകൾ ആലപിച്ചു. ഒപ്പമുണ്ടായിരുന്ന അമ്മമാരും ഉറ്റവരും ഒപ്പം പാടി.

രോഗവും വേദനയും തളർത്തുമ്പോഴും അവർ ഉല്ലസിച്ചു. കോയമ്പത്തൂർ മോളിക്യുലർ ഡയഗ്നോസ്റ്റിക് കൗൺസിലിങ്, കെയർ ആൻഡ് റിസർച്ച് സെൻറർ എന്നിവ സംഘടിപ്പിച്ച ലോക ഡച്ച്നി അവയർനസ് ദിനമായിരുന്നു വേദി.

മാംസപേശികൾ ദുർബലമാക്കുന്ന രോഗാവസ്ഥയിലുള്ള കുട്ടികളാണ് പങ്കെടുത്തവരെല്ലാം. സാന്ത്വനമല്ലാതെ മറ്റൊരു ചികിത്സയുമില്ലാത്ത രോഗാവസ്ഥയിലുള്ളവരാണിവർ. കോയമ്പത്തൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡീൻ ഡോ. എ. അശോകൻ മുഖ്യാതിഥിയായി. ഡയറക്ടർ ഡോ. ബി.ആർ. ലക്ഷ്മി, രമേശ് എന്നിവരും പ്രസംഗിച്ചു.